I.T

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 11. 06. 2012 - ൽ മറുപടിക്ക്

നമ്പർ: 1

## വിജിലൻസ് കേസുകളുടെ പിൻവലിക്കൽ

ചോദ്യം

ശ്രീ. ബാബു എം.പാലിശ്ശേരി.
ശ്രീ. എം.ചന്ദ്രൻ
ശ്രീ.റ്റി.വി.രാജേഷ്
ശ്രീമതി.പി.അയിഷാ പോറ്റി.

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; ഈ സർക്കാർ ഏതെല്ലാം വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി;

(ബി) സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതും അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെട്ടിട്ടുള്ളതുമായ ഏതെങ്കിലും വിജിലൻസ് കേസുകൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ടോ;

(എ ) യും (ബി) യും

വിജിലൻസ് കേസുകൾ, ക്രിമിനൽ കേസുകളുടെ വിഭാഗത്തിൽപ്പെട്ടവ ആയതിനാൽ, അവ പിൻവലിക്കുന്നത് ക്രിമിനൽ നടപടിക്രമം 321-ാം വകുപ്പ് പ്രകാരമാണ്.

VC 12/2003/SIU,
VC 4/04/KLM,
VC 12/2003/KNR,
VC 1/01/ALP എന്നീ വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിനും
VC 03/08/PKD
VC07/08/PKD
VC 08/08/PKD എന്നീ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 3 പേർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിനും നടപടി സ്വീകരിച്ചു.

(സി) മന്ത്രിമാരോ, മുൻ മന്ത്രിമാരോ, ഉദ്യോഗസ്ഥരോ ഉൾപ്പെട്ട വിജിലൻസ് കേസുകളിൽ ഏതെങ്കിലും പിൻവലിക്കാനോ പുനരന്വേഷണമോ തുടർ അന്വേഷണമോ നടത്താനോ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അവ

(സി) ഉണ്ട്.

1. മന്ത്രി ശ്രീ.എം.കെ.മുനീർ ( മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി) ഉൾപ്പെട്ടിട്ടുള്ള VC5/08/NRK, VC9/08/NRK എന്നീ വിജിലൻസ് കേസ്സുകളിൽ തുടർ അന്വേഷണം നടത്തുന്നതിന്

| | |
|---|---|
| ഏതെല്ലാം കേസുകളാണെന്ന് വെളിപ്പെടുത്താമോ; | കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചിരുന്നു. ഇതനുസരിച്ച് തുടരന്വേഷണം നടന്നു വരുന്നു.<br><br>2. മന്ത്രി ശ്രീ.അടൂർ പ്രകാശ് ഉൾപ്പെട്ടിട്ടുള്ള VC 2/08/NRK എന്ന വിജിലൻസ് കേസിൽ തുടരന്വേഷണം നടത്തുന്നതിന് അനുമതിക്കായി കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>3. ഉദ്യോഗസ്ഥർക്കെതിരെയുള്ള<br>VC 12/2003/SIU,<br>VC 4/04/KLM,<br>VC 12/2003/KNR,<br>VC 1/01/ALP എന്നീ വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിനും<br>VC 03/08/PKD,<br>VC07/08/PKD,<br>VC 08/08/PKD എന്നീ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 3 പേർക്കെതിരെയുള്ള കേസുകൾ പിൻവലിക്കുന്നതിനും നടപടി സ്വീകരിച്ചു.<br><br>4. VC 5/2009/PTA- ൽ തുടരന്വേഷണത്തിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇപ്പോഴത്തെ മന്ത്രിമാരിൽ വിജിലൻസ് അന്വേഷണമോ കേസുകളോ നേരിടുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) 1. ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>2. ശ്രീ.എം.കെ.മുനീർ,<br>3. ശ്രീ.അടൂർ പ്രകാശ്,<br>4. ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി.<br>5. ശ്രീ.ആര്യാടൻ മുഹമ്മദ്. |

സെക്ഷൻ ആഫീസർ